# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5773 03.11.2016-ൽ മറുപടിയ്ക്ക്

### കരിമ്പ - കോങ്ങാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് : | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ കോങ്ങാട് മണ്ഡലത്തിലെ ജലവിതരണവുമായി ബന്ധപ്പെട്ട് എത്ര പ്രൊപ്പോസലുകൾ നിലവിൽ വകുപ്പിന്റെ പരിഗണന യിലുണ്ടെന്നുള്ള വിശദവിവരം നൽകുമോ; | എ | കോങ്ങാട് മണ്ഡലത്തിലെ ജലവിതരണവുമായി ബന്ധപ്പെട്ട 4 പ്രൊപ്പോസലുകൾ ജല അതോറിറ്റിയുടെ പരിഗണനയിൽ ഉണ്ട്.<br>1. കോങ്ങാട്, കരിമ്പ എന്നീ ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി<br>2. പറളി, മുണ്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി<br>3. തച്ചംപാറ, കാരക്കുറിശ്ശി എന്നീ ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ നീട്ടൽ.<br>4. പൊറ്റശ്ശേരി - I & II വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ |
| ബി വാട്ടർ അതോറിറ്റി എം.ഡി-യ്ക്ക് 16-06-2016-ൽ സ്ഥലം എം.എൽ.എ നൽകിയ കരിമ്പ - കോങ്ങാട് കുടിവെള്ള പദ്ധതി സംബന്ധിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അടക്കമുള്ള വിശദവിവരം നൽകാമോ; | ബി യും സി യും | ബഹുമാനപ്പെട്ട എം.എൽ.എ യുടെ 16.06.2016-ലെ കെ.വി/10058/2016 നമ്പർ കത്ത് വാട്ടർ അതോറിറ്റി എം.ഡി.യുടെ ഓഫീസിലെ 22.06.2016 - ലെ കത്ത് മുഖേന ഉത്തര മേഖല ചീഫ് എഞ്ചിനീയറോട് സാധ്യത പഠന റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. പിന്നീട് കരിമ്പ, കോങ്ങോട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് 09.09.2016-ന് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ യുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തു പ്രതിനിധികളുമായി ചേർന്ന യോഗത്തിൽ ഈ പദ്ധതി സംബന്ധിച്ച് പ്രൊപ്പോസൽ കാഞ്ഞിരപ്പുഴ ഡാം സ്രോതസ്സായി തയ്യാറാക്കാൻ തീരുമാനിച്ചു. കരിമ്പ, കോങ്ങോട് ഗ്രാമപഞ്ചായത്തിൽ പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടു നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും അതിന് ആവശ്യമായ പഞ്ചായത്ത് തീരുമാനങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്ത് തീരുമാനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. |
| സി ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ 'കലണ്ടർ ഓഫ് ആക്ഷൻ' വിവരം നൽകുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ